## പതിനാലാം കേരള നിയമസഭ

**പതിനഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5671 02.07.2019-ൽ മറുപടിയ്ക്ക്

## ചെങ്ങന്നൂരിൽ ഓപ്പൺ ആഡിറ്റോറിയം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സജി ചെറിയാൻ : | **ശ്രീ. എ.കെ. ബാലൻ**<br>**പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി** |
| എ) നാട്ടരങ്ങ് എന്ന പേരിലുള്ള പദ്ധതിയിൽ ചെങ്ങന്നൂരിൽ കല്ലിശ്ശേരി പഴയ പാലത്തിന് സമീപമുള്ള പ്രദേശത്ത് ഓപ്പൺ ആഡിറ്റോറിയം നിർമ്മിക്കുന്നതിനുള്ള നിർദ്ദേശം സാംസ്കാരിക വകുപ്പിന്റെ പരിഗണനയിലുണ്ടോ;<br><br>ബി) ഉണ്ടെങ്കിൽ ആയതിനായി സ്വീകരിച്ച നടപടികളും തുടർ നടപടിയും വിശദമാക്കാമോ? | എ) & ബി) ഉണ്ട്. ഗ്രാമീണ മേഖലയിലും, ചെറു പട്ടണങ്ങളിലും കലാസാംസ്കാരിക പ്രവർത്തനങ്ങൾക്ക് മതിയായ പൊതുഇടങ്ങൾ ലഭ്യമല്ലാത്തിടത്ത് പാതയോരങ്ങളോ, പൊതു ഇടങ്ങളോ കണ്ടെത്തി രംഗവേദികൾ സ്ഥാപിക്കുന്ന ഒരു പദ്ധതിയാണ് 'നാട്ടരങ്ങ്'. ഈ പദ്ധതിയിൻ കീഴിൽ ഒരു തുറന്ന സ്റ്റേജ്, ചമയമുറി, ഗാർഡൻ ബെഞ്ചുകൾ എന്നിവ നിർമ്മിക്കുകയും, ശില്പങ്ങളും, ചുമർ ചിത്രങ്ങളും ഉപയോഗിച്ച് സൗന്ദര്യവത്കരണം നടത്തുകയും ചെയ്യുന്നു. നിർദ്ദിഷ്ട സ്ഥലത്ത് നാട്ടരങ്ങിനായി നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് തടസ്സമില്ലായെന്ന ഒരു നിരാക്ഷേപപത്രം ലഭ്യമാക്കുന്നതിന് ബന്ധപ്പെട്ട റോഡ്സ് & ബ്രിഡ്ജസ് എക്സിക്യൂട്ടീവ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ബന്ധപ്പെട്ട തദ്ദേശസ്വയം ഭരണാധികാരികൾ ഈ നാട്ടരങ്ങിന്റെ പരിപാലന ചുമതലയും ഏറ്റെടുക്കണ്ടതുണ്ട്. ഇത് രണ്ടും ലഭിച്ചാലുടൻ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. |

Indhu

**സെക്ഷൻ ഓഫീസർ**